मन की बात 100
MANN KI BAAT 100

# മൻ കി ബാത്ത്

വാല്യം – 3



# മൻ കി ബാത്ത്

## വാല്യം-3

**രചയിതാക്കൾ**

ശാരദ മോഹൻ, ശശി മുഖർജി

**ഇല്ലസ്ട്രേഷൻ, കവർ ഡിസൈൻ**

ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**

രവീന്ദ്ര മൊകാതെ

**നിർമ്മാണം**

അമർ ചിത്ര കഥ

**പ്രസാധകർ**

അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

Malayalam

ISBN - 978-81-19242-96-2

Amar Chitra Katha Pvt. Ltd, June 2023

© Ministry of Culture, Govt of India, June 2023

All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.

**പ്രിയപ്പെട്ട കുട്ടികളേ,**

പുരാതനമായ അറിവും വിജ്ഞാനവും കൊണ്ട് സമ്പന്നമാണ് നമ്മുടെ രാജ്യം, ആധുനികവൽക്കരണത്തിലേയ്ക്കുള്ള കുതിപ്പിനിടയിൽ അതിൽ പലതും നമുക്കു കൈമോശം വന്നു. മുന്നോട്ടുള്ള പ്രയാണം നല്ലതുതന്നെ, പക്ഷെ അതോടൊപ്പം പൂർവികർ നമുക്കായി നൽകിയ പാരമ്പര്യങ്ങളെ ഓർത്തെടുക്കുന്നതു നല്ലതാണ്.



ഈ ചിന്തയാണ് മാലിങ് ഗോംബുവിന് 1000 വർഷങ്ങൾ പഴക്കമുള്ള പേപ്പർ നിർമ്മാണ കലയെ പുനരുജ്ജീവിപ്പിക്കാൻ പ്രചോദനമായത്. മരങ്ങളിൽ നിന്നല്ല, ഷുഗുഷെങ് എന്നറിയപ്പെടുന്ന കുറ്റിച്ചെടിയുടെ പുറം തൊലിയിൽ നന്നാണ് അദ്ദേഹം പേപ്പർ നിർമ്മിക്കുന്നത്.

മൻ കി ബാത്ത് കോമിക് പരമ്പരയുടെ മൂന്നാം വാല്യത്തിൽ അരുണാചൽ പ്രദേശിൽ നിന്നുള്ള ഈ അത്ഭുത മനുഷ്യനെക്കുറിച്ച് നിങ്ങൾ പഠിക്കാൻ പോകുന്നു. മോൺപ ഗോത്രത്തിൽപെട്ട ഇദ്ദേഹം പരിസ്ഥിതി സൗഹൃദ കടലാസ് ഉണ്ടാക്കുന്നതിലൂടെ ഭൂമിക്ക് പുതുജീവൻ നൽകി.

നിങ്ങളെപ്പോഴെങ്കിലും വാട്ടർ ആംബുലൻസ് എന്നു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ, കാശ്മീരിലെ മനോഹരമായ ദാൽ തടാകത്തിൽ വാട്ടർ ആംബുലൻസ് ഓടിച്ച താരിഖ് അഹമദ് പത്‌ലു എന്ന മനുഷ്യന്റെ കഥ വായിക്കൂ. കോവിഡ്-19 ലോക്ക്ഡൗൺ കാലത്താണിതു നടന്നത്.

എന്തെങ്കിലും ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുക എന്നത് നിങ്ങൾക്ക് അത്ര എളുപ്പമായിരിക്കില്ല. അതിന് ധീരതയും, നിശ്ചയദാർഢ്യവും, പ്രയാസങ്ങൾ നേരിടാനുള്ള സന്നദ്ധതയുമാണ് ആവശ്യം. പക്ഷെ നിങ്ങൾ മാറി ചിന്തിക്കുകയും സ്വന്തം ഹൃദയം പറയുന്നതുകേട്ട് ഇറങ്ങിത്തിരിക്കുകയും ചെയ്താൽ അതു നിങ്ങൾക്ക് അളവില്ലാത്ത സംതൃപ്തി നൽകും.

എന്റെ സ്നേഹവും ആശിർവാദവും എപ്പോഴും നിങ്ങൾക്കൊപ്പമുണ്ട്.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | മാലിങ് ഗോംബു | 3 |
| 2 | ഉർഗെയ്ൻ ഫണ്ട്സോഗ് | 6 |
| 3 | ശ്രീനിവാസ് പടകന്ദല | 9 |
| 4 | ഭാഗ്യശ്രീ സാഹു | 12 |
| 5 | രാം ലോത്തൻ കുഷ്വാഹ | 14 |
| 6 | താരിഖ് അഹ്മദ് പത്‌ലു | 17 |
| 7. | സഞ്ജയ് കച്ചപ്പ് | 19 |
| 8 | ഹരിച്ഛന്ദ്ര സിങ് | 22 |
| 9 | സച്ചിദാനന്ദ ഭാരതി | 24 |
| 10 | സികാരി തിസ്സോ | 27 |
| 11 | പി. എം. മുരുകേശൻ | 30 |

# മാലിങ് ഗോംബു




* പൊതുവായി പേപ്പർ മാഷെ എന്നറിയപ്പെടുന്നു – ഒരു തരം പേപ്പർ പൾപ്പ്, പശ.




* മരം കത്തിയ ചാരം വെള്ളത്തിൽ ലയിപ്പിച്ച മിശ്രിതം.


ഞാനൊരു ഫോറം ഉണ്ടാക്കാൻ പോകുന്നു. അതിൽ യുവാക്കളായ നിങ്ങൾ ചേരണമെന്ന് ആഗ്രഹിക്കുന്നു.
എന്തിനുവേണ്ടിയുള്ളതാണ്?
നമ്മുടെ ഗോത്രത്തിനും, പാരമ്പര്യത്തിനും വേണ്ടി നമുക്കൊരുമിച്ച് പണിയെടുക്കാം.
'യൂത്ത് ആക്ഷൻ ഫോർ ട്രൈബൽ വെൽഫെയർ' എന്നൊരു ഫോറത്തിന് മാലിങ് രൂപം കൊടുത്തു. അതിൽ താൽപര്യമുള്ള ഒരുപാടുപേർ ചേർന്നു.
എങ്കിലും, മൊൻ ഷുഗു വാണിജ്യപരമായി നിർമ്മിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. പ്രധാന മന്ത്രി നരേന്ദ്ര മോദി മാലിങിന്റെ പ്രവർത്തിയെ മൻ കി ബാത്തിൽ അഭിനന്ദിക്കുന്നതുവരെ.
മൊൻപകൾ പേപ്പർ നിർമ്മിക്കുന്നത് ഷുഗു ഷെങ് എന്ന ചെടിയുടെ തൊലിയിൽ നിന്നാണ്, ആയതിനാൽ പേപ്പർ നിർമ്മാണത്തിന് മരങ്ങൾ മുറിക്കേണ്ടതില്ല. മാത്രമല്ല യാതൊരു കെമിക്കലുകളും ഉപയോഗിക്കുന്നില്ല. ഇപ്പോൾ, ഒരു പ്രദേശിക സാമൂഹിക പ്രവർത്തകൻ, ഗോംബു, ഈ കലയെ പുനരുജ്ജിവിപ്പിക്കാനും അയാളുടെ ഗോത്രത്തിലുള്ളവർക്കും, മറ്റു ജനങ്ങൾക്കും തൊഴിൽ നൽകാനും പരിശ്രമിക്കുന്നു.
മാലിങ് ഗോംബുവിന്റെ ഭാഗ്യത്തിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ ചെയർമാൻ വിനയ് കുമാർ സക്സേന മൊൻ ഷുഗുവിനെക്കുറിച്ച് അറിയാൻ തൽപരനായി.
ഈ പേപ്പർ വലിയ തോതിൽ നിർമ്മിക്കാനായി ഒരു യൂണിറ്റ് രൂപീകരിക്കാൻ താൽപര്യമുണ്ട്.
അത്ര എളുപ്പമല്ല. ഒരുപാടു കാലം മുൻപ് ശ്രമിച്ചിരുന്നു. പക്ഷെ ദുഷ്കരമായ ഭൂപ്രദേശവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മൂലം അതു സംഭവിച്ചില്ല.
പക്ഷെ സക്സേന അങ്ങനെ വിട്ടുകളയുന്ന ആളായിരുന്നില്ല. ബുദ്ധിമുട്ടുകൾക്കിടയിലും തവാങ്ങിൽ ഒരു നിർമ്മാണ യൂണിറ്റുണ്ടാക്കാൻ സഹായിച്ചു.
നിങ്ങൾ സന്തോഷവാനാണോ?
വളരെ സന്തോഷം വിനയ്! ഞങ്ങൾ ദിനംപ്രതി 500 ഷീറ്റുകൾ നിർമ്മിക്കുന്നു! ഈ പേപ്പറിലെ എഴുത്തുകൾ 5000 വർഷത്തോളം ഒരു കേടും കൂടാതെ നിലനിൽക്കുമെന്ന കാര്യം അറിയാമോ?
ചെറിയൊരു പരിശ്രമം കൊണ്ട് ഭാരതത്തിലെ തദ്ദേശീയമായ കലകളും കരകൗശലങ്ങളും സംരക്ഷിക്കാമെന്ന് മൊൻ ഷൊഗുവിന്റെ കഥ കാണിച്ചു തരുന്നു.

# ഉർഗെയ്ൻ ഫണ്ട്സോഗ്




*ഇന്റൊ ടിബറ്റൻ ബോർഡർ പോലീസ്
** ബോട്ടി ഭാഷയിൽ മുതിർന്ന സോഹദരി




* ഹരിതഗൃഹ സാങ്കേതിക വിദ്യ– കാലാവസ്ഥാ നിയന്ത്രിക്കാൻ സുതാര്യമായ പ്ലാസ്റ്റിക് ഷീറ്റുകൊണ്ടു നിർമ്മിച്ച ഘടന

** മണ്ണിരക്കമ്പോസ്റ്റ്– ഒരുതരം ജൈവവളം

*** വൈക്കോലും വെട്ടിയ ചെടിക്കൊമ്പുകളും കൊണ്ടു മറച്ച് ഭൂമിയെ ചൂടിൽ നിന്നും തണുപ്പിൽ നിന്നും സംരക്ഷിക്കൽ


ഉർഗെയിന്റെ വിജയ വാർത്ത നാടെങ്ങും പരുന്നു.
താങ്കളാണോ 14,000 അടിയിൽ തണ്ണിമത്തൻ കൃഷി ചെയ്യുന്നത്. ഇത് അവിശ്വസനീയമാണ്.
ഹ ഹ! അതെ, നിങ്ങളുടെ മുന്നിലുണ്ടല്ലോ.
ഇന്റർനാഷണൽ ജേർണ്ണൽ ഓഫ് കറന്റ് മൈക്രോബയോളജി ആൻഡ് അപ്ലൈഡ് സയൻസ് 2019 ൽ ഉർഗെയിനെക്കുറിച്ച് ഒരു പേപ്പർ പ്രസിദ്ധീകരിച്ചു.
സർക്കാർ അദ്ദേഹത്തെ സംസ്ഥാന അവാർഡ് നൽകി ആദരിച്ചു.
ATE AWARDS
അന്താരാഷ്ട്ര മാധ്യമങ്ങളായ ബിബിസി യും നാഷണൽ ജ്യോഗ്രഫിക്കും അദ്ദേഹത്തിന്റെ നേട്ടത്തെ അഭിനന്ദിച്ചു.
2016 ൽ സഹോദരൻ സ്റ്റാൻസിന്റെ ഡോക്യുമെന്ററി ചിത്രം 'ദി ഷെഫേർഡ് ഓഫ് ദി ഗ്ലേസിയർ' പുറത്തിറങ്ങി.
DHAR INTE FILM
DIF
ഈ ചിത്രം 17 ദേശീയ–അന്തർദേശീയ അംഗീകാരങ്ങൾ നേടി.
കുടുംബത്തിന്റെ സഹായത്തോടെ ഉർഗെയ്ൻ വിവിധങ്ങളായ വിളകൾ കൃഷി ചെയ്യുകയും കന്നുകാലികളെ വളർത്തുകയും, കൂടാതെ ഒരു ഹോം സ്റ്റേ നടത്തി വരികയും ചെയ്യുന്നു.
എന്റെ കുടുംബമില്ലെങ്കിൽ ഞാനില്ല– എന്റെ സഹോദരി സെറിങ്ങ്, എന്റെ അനുജൻ സ്റ്റാൻ സിൻ, എന്റെ ഭാര്യ ചമ്പ. നിങ്ങളെ യെല്ലാവരേയും ഞാൻ സ്നേഹിക്കുന്നു.
സ്വപ്നം കാണുകയും നിരന്തരമായി സ്വയം നവീകരിക്കുകയും ചെയ്യുന്നവർക്ക് അസാധ്യമായി ഒന്നുമില്ലെന്ന് ഉർഗെയ്ൻ തെളിയിച്ചു.

# ശ്രീനിവാസ് പടകന്ദല





ഈ സ്ക്രാപ്പ് മെറ്റൽ ഞാൻ വാങ്ങാൻ ആഗ്രഹിക്കുന്നു. ഞാനിത് നല്ലൊരു കാര്യത്തിന് ഉപയോഗിക്കാൻ പോകുന്നു.
വൈകാതെ–
ഇതെങ്ങിനെയുണ്ട്?
ഇത് ഗംഭീരം.
ശ്രീനിവാസ് ഉപയോഗ ശൂന്യമായ മെറ്റൽ, മരക്കഷ്ണങ്ങൾ, കല്ലുകൾ എന്നിവ ഉപയോഗിച്ച് ശിൽപങ്ങളുണ്ടാക്കാൻ തുടങ്ങി.
ശ്രീനിവാസൻ ബാനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ ഫൈൻ ആർട്സിൽ ബിരുദാനന്തര ബിരുദത്തിനു ചേർന്നു–
ഹേയ്, ആന്ദ്രാ സർവ്വകലാശാലയുടെ ഒരു ശിൽപ നിർമ്മാണ ക്യാമ്പുണ്ട്. വരുന്നോ....
തീർച്ചയായും, എന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ ഇത് നല്ലൊരു അവസരമാണ്.
ശ്രീനിവാസ് പിന്നീട് ശിൽപ ക്യാമ്പുകളും പ്രദർശനങ്ങളും രാജ്യമെമ്പാടും സംഘടിപ്പിക്കാൻ ആരംഭിച്ചു.
കുറച്ചു വർഷങ്ങൾക്കു ശേഷം–
വിജയവാഡ മുനിസിപ്പൽ കോർപ്പറേഷൻ ഒരു ശിൽപ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ഞാനതിൽ പങ്കെടുക്കാൻ പോകുന്നു. അവിടെ സ്ക്രാപ്പ് മെറ്റലുകൾ വെൽഡു ചെയ്യാനും ശിൽപം നിർമ്മിക്കാനും യുവാക്കളെ പരിശീലിപ്പിക്കും.
അതു കൊള്ളാം. ഞാനും വരാം!
വൈകാതെ–
ഞാൻ താങ്കളുടെ ശിൽപം ക്യാമ്പിൽ കണ്ടിരുന്നു. വളരെ ബുദ്ധിപരമായി സ്ക്രാപ്പ് മെറ്റലിൽ നിന്ന് രൂപപ്പെടുത്തിയിരിക്കുന്നു. ഇത്തരം ശില്പങ്ങൾ കൊണ്ട് വിജയവാഡ നഗരത്തെ സൗന്ദര്യവൽക്കരിക്കാൻ ആഗ്രഹിക്കുന്നു.
സർ തീർച്ചയായും, ഇതെനിക്കൊരു അംഗീകാരമായിരിക്കും.
ശ്രീനിവാസനെ സമീപിച്ച ആ മനുഷ്യൻ വിജയവാഡ മുനിസിപ്പൽ കമ്മീഷണറായിരുന്ന ജി. വീരപാണ്ഡ്യനായിരുന്നു.













* ആന്ദ്രാ പ്രദേശിലെ മറ്റൊരു നഗരം

# ഭാഗ്യശ്രീ സാഹു




* സ്വാഭാവിക നിറങ്ങൾ ഉപയോഗിച്ച് തുണിയിൽ തീർക്കുന്ന സ്ക്രോൾ പെയിന്റിങ്.
** ഒഡീഷയിലെ പുരി ജില്ലയിലെ പട്ടച്ചിത്ര കലാകാരന്മാരുടെ ഗ്രാമം.


കുറച്ചു മാസങ്ങൾക്കു ശേഷം –
ഇതു വിൽക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം! വളരെ മനോഹരമായിട്ടുണ്ട്.
ഇത് കാൻവാസിൽ വരച്ചു തരാമോ. എനിക്കു വീട്ടിൽ കൊണ്ടു പോകാനാണ്.
തീർച്ചയായും, ഒരെണ്ണം വരച്ചുതരാം പക്ഷെ കാൻവാസിലോ?
ഭാഗ്യശ്രീയ്ക്ക് ഒരു ആശയം തോന്നി. അവൾ അവളുടെ സുഹൃത്തുക്കളെ ദെങ്കനലിലെ ബ്രഹ്മണി പുഴയുടെ തീരത്തേയ്ക്കു വിളിച്ചു.
എനിക്ക് ഈ കല്ലുകളിൽ വരയ്ക്കാൻ സാധിക്കും. കാരണം ഇത് വളരെ ശരിയായ വലുപ്പത്തിലുള്ളതും മൃദുവും മുഴുപ്പുള്ളതുമാണ്.
നല്ല ആശയം! ഇത് കാൻവാസിനെക്കാൾ മികച്ചതാണ്.
ഭാഗ്യശ്രീ കല്ലുകളിൽ വരയ്ക്കാൻ ആരംഭിച്ചതോടെ പെട്ടെന്നുതന്നെ പ്രശസ്തയായി.
ഓഹ്, ഇത് പ്രമാദമാണ്! പെയിന്റു ചെയ്തതാണെന്ന് തോന്നുന്നേയില്ല.
നന്ദി! ഈ കല്ലുകൾക്ക് പുതിയ ജീവിതം കൊടുക്കുന്നത് ഞാൻ ആസ്വദിക്കുന്നു.
കോവിഡ് ലോക്ക്ഡൗൺ കാലത്ത് ഭാഗ്യശ്രീ കാലിക്കുപ്പികൾ, ടിന്നുകൾ, ബൾബുകൾ എന്നിവ ശേഖരിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം –
അമ്മേ, ഈ കുപ്പികളും ബൾബുകളും ഏതാണെന്ന് ഓർമ്മയുണ്ടോ?
നന്നായി! നീ വെറും കലാകാരിമാത്രമല്ല, നീ പരിസ്ഥിതിയെ കൂടി സഹായിക്കുന്ന ആളാണ്.
ഭാഗ്യശ്രീയെ പോലെ നമുക്കും നമ്മുടെ ജീവിതത്തിലും ലോകം മുഴുവനും നിറങ്ങൾ ചാർത്താൻ കഴിയും.

# രാം ലോത്തൻ കുഷ്‌വാഹ







*മധ്യപ്രദേശിലുള്ള അന്തർവേദിയ ഗ്രാമത്തിലാണ് രാം ലോത്തൻ കുഷ്‌വാഹയും കുടുംബവും താമസിച്ചിരുന്നത്.*




ഇതിനെ സൂയി – ദാഗ എന്നു വിളിക്കുന്നു.
ഇത് വെച്ചുകെട്ടിയാൽ മുറിവ് വേഗം ഭേദമാകുമെന്നോ!
സുയി ദാഗ എന്നുവെച്ചാൽ സൂചിയും നൂലും എന്നാണ് അർത്ഥം, രാം ലോത്തന്റെ മകൻ വിചാരിച്ചത് ശരിയായിരുന്നു – ഇത് പുരാതനകാലം മുതലേ വാളുകൊണ്ടുള്ള മുറിവുകൾ പോലും കൂടിച്ചേരുന്നതിനും ഭേദമാക്കുന്നതിനും ഉപയോഗിച്ചു വന്നിരുന്നു.
അച്ഛനെങ്ങിനെ പച്ചമരുന്നുകളെക്കുറിച്ചറിയാം?
ഞാൻ പഠിച്ചത് നിന്റെ മുത്തച്ഛനിൽ നിന്നും മുതുമുത്തച്ഛനിൽ നിന്നുമാണ്. രണ്ടുപേർക്കും ഒരുപാട് അറിവുണ്ടായിരുന്നു.
അങ്ങയ്ക്കറിയാവുന്നതെല്ലാം എന്നെയും പഠിപ്പിക്കൂ.
ഞാൻ നിന്നെയും അനുജനേയും പഠിപ്പിക്കാം.
2016 ൽ, സ്റ്റേറ്റ് ബയൊഡൈവേർസിറ്റി ബോർഡിന്റെ കൂടെ 40 ജില്ലകളിലൂടെ ഒരു 5 അംഗ ടീമിന്റെ കൂടെ ടൂറിലായിരുന്നു.
ഒരുപാട് നാട്ടു വിത്തുകളുണ്ട്, ഇതെല്ലാം സംരക്ഷിക്കപ്പെടണം.
രാം ലോത്തൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ –
ജഗ്ഗി, പഴവും ധാന്യങ്ങളും എങ്ങിനെ സൂക്ഷിക്കണമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.
നന്നായി. ഇത് നമ്മുടെ വീടിന് അധിക വരുമാനം ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കാം!
ജഗ്ഗിക്ക് ആ വലിയ കുടുംബത്തെ മുന്നോട്ടു കൊണ്ടുപോവുക എളുപ്പമുള്ള കാര്യമായിരുന്നില്ല.


പച്ചമരുന്നുകളും പച്ചക്കറികളും സംരക്ഷിക്കുന്നതിനുള്ള അന്വേഷണങ്ങളുമായി രാം ലോത്തൻ ഹിമാലയത്തിൽ ഒരുപാടു സഞ്ചരിച്ചു.
സഹോദരാ, ബ്രഹ്മിയുടെ വേരുകൾ എവിടെ കിട്ടും?
...സത്പുര വിന്ധ്യ പർവ്വത നിരയിൽ.
രാം ലോത്തൻ തന്റെ ഒന്നര ഏക്കർ സ്ഥലത്ത് 250 വിവിധ പച്ചമരുന്നു ചെടികളും നാടൻ പച്ചക്കറികളും കൃഷിചെയ്തു. ഇതു സന്ദർശിക്കാൻ ഒരുപാട് ആളുകൾ എത്തിച്ചേർന്നു.
ഈ ചെടികൾ ഹിമാലയത്തിൽ മാത്രമെ വളരുകയുള്ളു, ഇവിടെ വളരില്ല എന്നുപറഞ്ഞ് ആളുകൾ എന്നെ പിൻതിരിപ്പിച്ചിരുന്നു. നോക്കൂ ഇവിടെ നന്നായി വളരുന്നുണ്ട്.
താങ്കളുടെ കൈകൾക്ക് മാന്ത്രികതയുണ്ട് രാം ലോത്തൻ ജി!
രാം ലോത്തന് വീട്ടിൽ ഒരു 'ദേശി' മ്യൂസിയമുണ്ട് അതിൽ വൈവിദ്ധ്യമാർന്ന അനേകം വിത്തുകളും കായകളും പ്രദർശിപ്പിക്കുന്നു. ഇത് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ ഒരു എപ്പിസോഡിൽ പരാമർശിച്ചു.
രാം ലോത്തൻ ജിയുടെ കഠിനാധ്വാനം നമ്മളെ അഭിമാനിതരാക്കുന്നു. നാടൻ മരുന്നുകളെക്കുറിച്ച് നമ്മളെ ബോധവാന്മാരാക്കുന്നു.
രാം ലോത്തന്റെ യാത്രകളോട് യോജിപ്പില്ലെങ്കിലും ജഗ്ഗി മനസ്സില്ലാമനസ്സോടെ രാം ലോത്തന്റെ പ്രവൃത്തിയെ അംഗീകരിക്കുന്നു.
അദ്ദേഹത്തിന് വയസ്സായിക്കൊണ്ടിരിക്കുന്നു. ഇനി സഹായം ആവശ്യമാണ്. ഇനി പരസഹായമില്ലാതെ ചെയ്യാൻ സാധിക്കുമെന്നു തോന്നുന്നില്ല.
ഇവിടെ സുരക്ഷാ വേലികെട്ടി വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കണം, ഒരു കിണർ കുഴിച്ച് ജലസേചനം നടത്തണം, അതിനെല്ലാം സഹായം ആവശ്യമാണ്. അമൂല്യമായ നമ്മുടെ വിത്തുകൾ സംരക്ഷിക്കാൻ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ഞാൻ ഒരുക്കമാണ്.

# താരിഖ് അഹമദ് പത്‌ലു



എന്തുപറ്റി ശ്രേയസ്സ്, ചരൺ, പാരുൾ എന്നിവർ വന്നിട്ടില്ലല്ലോ?
വീണ്ടും കോവിഡ് വന്നിട്ടില്ലെന്നു പ്രതീക്ഷിക്കാം.
എനിക്കും അതാണ് തോന്നുന്നത്. ഒരുപാട് ആളുകൾ ആശുപത്രികളിൽ കിടക്കയില്ലാതെ വിഷമിച്ചു. ഗ്രാമങ്ങളിൽ സ്ഥിതി വളരെ മോശമാണ്.
സത്യം, പക്ഷെ ജനങ്ങളെ സഹായിക്കാനായി ഇറങ്ങിത്തിരിച്ചവരെ മറക്കരുത്. കാശ്മീരിലെ താരിഖ് അഹ്മദ് പത്‌ലുവിനെ പോലെയുള്ളവരെ.
കാശ്മീരിലെ മനോഹരമായ തടാകങ്ങൾക്കടുത്ത് ജീവിക്കുന്നവർ ഹൻജിസ് അല്ലെങ്കിൽ 'ജലവാസികൾ' എന്നറിയപ്പെട്ടിരുന്നു. അവർ ബോട്ട് ഓടിച്ച് ഉപജീവനം നടത്തിവന്നു. കരയിലെത്താൻ ഷിക്കാരകൾ എന്നറിയപ്പെടുന്ന ചെറുബോട്ടുകളിൽ ഹിച്ച്ഹൈക്കിങ് അല്ലെങ്കിൽ 'താർ' എന്ന രീതിയാണ് ഉപയോഗിച്ചിരുന്നത്.
2020 ൽ, കോവിഡ്–19 ലോകത്തെ ബാധിച്ചു–
ഊഹ്! എനിക്ക് ശ്വസിക്കാൻ സാധിക്കുന്നില്ല. എന്നെ ആശുപത്രിയിലെത്തിച്ചാലും.
എനിക്ക് നിങ്ങളെ കയറ്റാൻ സാധിക്കില്ല താരിഖ് സഹോദരാ. എനിക്കും രോഗം വന്നാലോ.
താരിഖ് അഹ്മദ് പത്‌ലു, ദാൽ തടാകത്തിലെ ഒരു ഹൗസ് ബോട്ടുടമയായിരുന്നു. അദ്ദേഹം കോവിഡ് ബാധിതനായിരുന്നതിനാൽ ആരും അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചില്ല.
ഒടുവിൽ, ഒരു സുഹൃത്ത് അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചു–
സമയത്തിന് ആശുപത്രിയിലെത്തിക്കാത്തതിനാൽ ഒരുപാട് ആളുകൾ മരിച്ചുപോയി. ഞാനും മരിക്കേണ്ടതായിരുന്നു.
ഭാഗ്യത്തിന്, താരിഖ് രോഗവിമുക്തനായി, പക്ഷെ ഒട്ടേറെ കാര്യങ്ങൾ ഇനിയും ശരിയാക്കാനുണ്ടായിരുന്നു.


അദ്ദേഹം ദില്ലിയിലുള്ള ഒരു എൻ.ജി.ഒ. ആയ സത്യ രേഖ ട്രസ്റ്റുമായി സംസാരിച്ചു.
എനിക്ക് ദാൽ തടാകത്തിൽ ഒരു ആംബുലൻസ് സർവ്വീസ് തുടങ്ങണം. എനിക്കു സംഭവിച്ചത് ഇനി യാർക്കും വരരുത്.
ഇതൊരു മഹത്തായ ആശയമാണ്. ഞങ്ങൾ താങ്കളെ സഹായിക്കാം.
ട്രസ്റ്റിന്റെ സഹായത്തോടെ താരിഖ് അത്യാഹിത വിഭാഗങ്ങളും ഒരു സൈറണും ഘടിപ്പിച്ച ഒരു ബോട്ട് നിർമ്മിച്ചു.
എന്റെ ജല ആംബുലൻസ്! ഇതിൽ കിടക്ക, ഓക്സിജൻ കോൺസെൻട്രേറ്റർസ്, സിലിണ്ടറുകൾ, മാസ്കുകൾ, സാനിറ്റൈസർ, പിപിഇ കിറ്റുകൾ, ഒരു സ്ട്രെക്ച്ചർ, വീൽ ചെയർ, ഉച്ചഭാഷിണി, എമർജെൻസി കിറ്റ് എന്നിവയുണ്ട്.
ഒരു അഗ്നിശമന ഉപകരണവും, ബോട്ടിനുള്ള ജീവൻ രക്ഷാ ഉപകരണങ്ങളും സജീകരിച്ചു.
താരിഖ് തന്റെ ഫോൺ നമ്പർ ജനങ്ങൾക്കു നൽകി. വൈകാതെ തുടരെ തുടരെയുള്ള അത്യാഹിതങ്ങൾ കൈകാര്യം ചെയ്തു.
AMBULAN
പരിഭ്രമിക്കേണ്ട. നിങ്ങൾക്ക് ഭേദമാകും. താങ്കളെ ഞങ്ങൾ ആശുപത്രിയിലെത്തിക്കാൻ പോകുകയാണ്.
അദ്ദേഹം ആശുപത്രിയിലെ ആംബുലൻസുമായും ബന്ധപ്പെട്ട് തടാക തീരത്ത് തയ്യാറാക്കി നിർത്തി. അദ്ദേഹത്തിന്റെ സേവനങ്ങൾ സൗജന്യമായിരുന്നു.
എന്തൊരു അത്യാഹിതത്തിലും ജനങ്ങൾ താരിഖിനെ തടാകത്തിൽ ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ 10 വയസ്സുള്ള മകൾ ജന്നത്ത് ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി താരിഖിന്റെ ഉദ്യമത്തിന് പിൻതുണ നൽകി.
ശ്രദ്ധിക്കുക! ചുവന്ന ബോട്ട്കാരാ! ദാൽ തടാകം നമ്മുടെ വീടുതന്നെയായണ്. താങ്കൾ തടാകത്തിൽ വലിച്ചെറിഞ്ഞ ആ ബോട്ടിൽ തിരിച്ചെടുക്കൂ.
2021 ജൂൺ മാസത്തിൽ പ്രധാനമന്ത്രി മോദി തന്റെ മൻ കി ബാത്ത് പ്രഭാഷണത്തിൽ പരാമർശിച്ചിരുന്നു. താരിഖിന് ഒരു അഭ്യർത്ഥനയുണ്ട്.
ആഴ്ചയിൽ രണ്ടുദിവസം അച്ഛനും മകളും തടാകത്തിൽ ചുറ്റി മാലിന്യങ്ങൾ ശേഖരിക്കുമായിരുന്നു.
ഞാനെന്റെ കഴിവിന്റെ പരമാവധി ചെയ്യുന്നു, പക്ഷെ ആംബുലൻസിൽ രോഗികളെ പരിശോധിക്കാൻ എനിക്കൊരു ഹെൽപ് ലൈൻ നമ്പരും ഒരു ഡോക്ടറും ഒരു നർസും വേണം.
പൗരന്മാരുടെ ഇത്തരം സന്നദ്ധ പ്രവർത്തനങ്ങൾക്ക് സർക്കാരും സമാന മനസ്കരും പിൻതുണ കൊടുക്കുക തന്നെവേണം.

# സഞ്ജയ് കച്ചപ്പ്



നമ്മുടെ സ്കൂൾ ലൈബ്രറിയിൽ പുതിയ കുറെ കഥാ പുസ്തകങ്ങൾ വരുന്നുണ്ടെന്നറിഞ്ഞു. നിങ്ങൾക്ക് ധാരാളം കഥകൾ വായിക്കാൻ സാധിക്കും.
അതു കൊള്ളാം! ഗ്രാമത്തിലുള്ള എന്റെ ബന്ധു പിങ്കിയുടെ സ്കൂളിൽ ഒരു ലൈബ്രറി പോലുമില്ല.
ഗ്രാമത്തിൽ ലൈബ്രറികൾ ഉണ്ടാവില്ലായിരിക്കും.
അതു ശരിയാണ് ചില ഗ്രാമങ്ങളിൽ ലൈബ്രറിയില്ല ചിലയിടത്ത് ഉണ്ട്. ഇന്നത്തെ മൻ കി ബാത്ത് കഥ സഞ്ജയ് കച്ചപ്പ് എന്ന ജാർഖണ്ഡിലെ ലൈബ്രറി മനുഷ്യനെക്കുറിച്ചാണ്.
സഞ്ജയ് കച്ചപ്പ്, ഒരു സംസ്ഥാന സർക്കാർ ജീവനക്കാരൻ, അടുത്തകാലത്ത് ജാർഖണ്ഡിലെ ഒരു കുഗ്രാമത്തിൽ നിയമനം കിട്ടി എത്തി. ഒരു വൈകുന്നേരം ഓഫീസിൽ നിന്ന് വീട്ടിലേക്കുള്ള വഴിയിൽ–
ഒരു 15 മിനിറ്റുകൂടി. ഞാൻ ഈ പുസ്കം വായിച്ചു തീർക്കട്ടെ.
ഇല്ല. ഇത്ര നേരം എനിക്കു കാത്തിരിക്കാൻ പറ്റില്ല. നീ ഒരു മണിക്കൂറിൽ കൂടുതലായി!
ഹേയ്, എന്താണിവിടെ നടക്കുന്നത്?
ഞങ്ങളുടെ കൈയ്യിൽ ഒരേയൊരു ചരിത്ര പുസ്തകമേയുള്ളു. ഞങ്ങൾ രണ്ടുപേരും ഗുപ്ത ഭരണകാലത്തെക്കുറിച്ച് പഠിക്കുകയാണ്. എനിക്ക് ഈ പുസ്തകം വേണം.
ഈ കുട്ടികൾക്ക് വായിക്കാൻ ആവശ്യത്തിന് പുസ്തകങ്ങൾ ലഭ്യമാകണമെന്ന് ആഗ്രഹമുണ്ട്. എന്താണ് വേണ്ടതെന്ന് എനിക്കറിയാം.
അടുത്ത ദിവസം രാവിലെ നാട്ടിലെ ചായക്കടയിൽ ചെന്നു.
ഗ്രാമത്തിലെ പ്രമാണിമാരെ എനിക്ക് എവിടെ കണ്ടുമുട്ടാൻ സാധിക്കും?
നമുക്കൊരു സാമൂഹിക കേന്ദ്രമുണ്ട് അവിടെ അവർ ഗ്രാമ വിഷയങ്ങൾ ചർച്ച ചെയ്യാൻ എത്താറുണ്ട്.




*ജാർഖണ്ഡിലെ സിങ്ഭും ജില്ലയിലെ ഒരു ഗ്രാമം.




* ഇന്റർനെറ്റിന്റെ സഹായത്തോടെ ബഹുജനങ്ങളിൽ നിന്ന് വൻതുക പിരിച്ചെടുക്കുന്ന രീതി.

# ഹരിച്ഛന്ദ്ര സിങ്




* ഇന്ത്യൻ നെല്ലിക്ക

** നെല്ലിക്ക പഞ്ചസാര പാവിൽ ഇട്ട് കുതിർത്തത്.




* 100 കിലൊ ആണ് ഒരു ക്വിന്റൽ.

# സച്ചിദാനന്ദ ഭാരതി




*ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലെ ഒരു നഗരം

**ഗ്രാമീണർ മരങ്ങളെ ആലിംഗനം ചെയ്തുകൊണ്ട് വനശീകരണത്തിനെതിരെ നടന്ന സമരം.




* ഉത്തരാഖണ്ഡിലെ ഗർവാൾ ജില്ലയിലെ പൗരി മേഖലയിലെ ഗ്രാമം.
** ഉത്തരാഖണ്ഡിനു കുറുകെയുള്ള 25 കി. മി. ദൈർഘ്യമുള്ള പർവ്വത നിര.
***മഴക്കുഴികൾ
**^ജലസംരക്ഷണ പ്രസ്ഥാനം


ഒരു വർഷത്തിനു ശേഷം അവരുടെ പരിശ്രമം വൻ വിജയമായതായി കണ്ടു.
സുഖ റൗള ഇപ്പോൾ വർഷം മുഴുവൻ നിറഞ്ഞൊഴുകുന്നു.
അതെ, പണ്ട് ഇത് മഴക്കാലത്ത് നിറയുകയും നവംബർ മാസത്തോടെ വറ്റി വരളുകയുമായിരുന്നു.
ഇതിന് നമുക്ക് മഴക്കുഴികളോട് നന്ദി പറയാം.
ഗംഢ്ഗരക് ഗ്രാമവാസികൾ സുഖ റൗള നദിയെ ഗഢ്ഗംഗ എന്ന് പുനർ നാമകരണം ചെയ്തു.


ജൽ തലൈയാസ് കൂടാതെ കൂടുതൽ മഴവെള്ളം ശേഖരിക്കുന്നതിനും വന സംരക്ഷണത്തിനുമായി പർവ്വതത്തിൽ നൂറുകണക്കിന് തടാകങ്ങളും കനാലുകളും സച്ചിദാനന്ദ് പണികഴിപ്പിച്ചു.
ഈ ഒഴുക്കിൽ നിന്ന് വർഷം മുഴുവൻ നമുക്കിപ്പോൾ കുടിവെള്ള മെടുക്കാൻ സാധിക്കും.


സച്ചിദാനന്ദിന്റെ ഈ പ്രവർത്തനത്തിന് ഒരുപാട് അംഗീകാരങ്ങൾ ലഭിച്ചു, 2011 ൽ ഉത്തരാഖണ്ഡ് ഗ്രീൻ അവാർഡ്, 2013 ൽ മഹാത്മാഗാന്ധി നാഷണൽ അവാർഡ്, 2015 ൽ ഇന്ദിര ഗാന്ധി എൻവൈറോൺമെന്റ് അവാർഡ് എന്നിവ അതിൽ ഉൾപ്പെടുന്നു.
2021 ജൂൺ മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന്റെ മൻ കി ബാത്ത് പ്രഭാഷണത്തിൽ സച്ചിദാനന്ദിനെ പ്രത്യേകം പരാമർശിച്ചു.


ഇന്ന് 150 ഗ്രാമങ്ങളിലായി പൗരി ഗർവാൾ മലകളിൽ 30,000 മഴക്കുഴികൾ ഉണ്ട്.
പരിസ്ഥിതിയെ സേവിക്കുന്നതിലൂടെ എന്റെ ജീവിത ലക്ഷ്യം പൂർത്തീകരിക്കപെട്ടതായി തോന്നുന്നു.
സച്ചിദാനന്ദും ഗ്രാമവാസികളും ചേർന്ന് 40 വർഷങ്ങൾകൊണ്ട് 50 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. മഴക്കുഴികൾ കാരണം കാട്ടുതീയുണ്ടാകുന്നതും തടയാൻ കഴിഞ്ഞു.

*വരണ്ട മലയിടുക്ക്

# സികാരി തിസ്സോ




* ഒഡിയ ഭാഷയിൽ, ക്ഷമിക്കണം എന്നർത്ഥം.
** ആസ്സാമിലെ ഒരു വലിയ ജില്ല.
*^ കർബി ഭാഷയിലെ ഒരു അഭിവാദ്യം.


ഒരു സന്ധ്യാനേരം–
എന്റെ മുത്തശ്ശി പാടാറുള്ള ചില താരാട്ടുപാട്ടുകൾ എനിക്കറിയാം. അത് നിങ്ങൾക്ക് എഴുതിയെടുക്കാൻ സാധിക്കുമോ?
ഉഗ്രൻ! താരാട്ടു പാട്ടുകൾക്ക് എല്ലാ സംസ്കാരങ്ങളിലും പ്രധാനപ്പെട്ട സ്ഥാനമാണ്. താങ്കൾ പാടുകയാണെങ്കിൽ ഞാൻ അത് റിക്കോർഡ് ചെയ്യാം.
ആ സ്ത്രീ പാടാൻ തുടങ്ങി. സികാരി അത് റിക്കോർഡ് ചെയ്തെടുത്തു.
വൈകാതെ–
അങ്ങ് കർബി സംസ്കാരത്തെക്കുറിച്ച് വീഡിയൊ തയ്യാറാക്കുന്നുണ്ടെന്നു കേട്ടു. എന്റെയൊരു സുഹൃത്ത് കർബി നാടൻ പാട്ടുകളിലും കഥകളിലും നിപുണനാണ്, അവന് നിങ്ങളെ സഹായിക്കാൻ സാധിക്കുമൊ?
തീർച്ചയായും! പാട്ടുകളും കഥകളും കുട്ടികളിൽ ഭാഷയോടുള്ള സ്നേഹം വർദ്ധിപ്പിക്കും.
കഥകളും പാട്ടുകളും ആകർഷകമായ രീതിയിൽ സമാഹരിച്ച് സികാരി അത് സമൂഹത്തിനു പങ്കുവെച്ചു.
കർബിയിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ സികാരി ആസ്സാം, മേഘാലയ തുടങ്ങി വിവിധ സ്ഥലങ്ങൾ സഞ്ചരിച്ചു. തിരിച്ചെത്തിയപ്പോൾ–
ആളുകൾ സംസാരിക്കുന്ന ഒരേ ഭാഷതന്നെ അവർ ജീവിക്കുന്ന ദേശങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. നമ്മുടെ കർബി ഡിക്ഷ്ണറി ഇവർക്ക് മനസ്സിലാകുമൊ?
എന്തുകൊണ്ട് നമുക്ക് കർബിയിലും ഇംഗ്ലീഷിലുമായി അർത്ഥമുള്ള ബഹുഭാഷ നിഘണ്ടു ഉണ്ടാക്കിക്കൂടാ? അത് നമ്മുടെ കുട്ടികൾക്ക് കൂടുതൽ ഗുണപ്പെടും.
കർബി വാക്കുകളുടെ വിവിധ ശൈലികളും ഞാനതിൽ ഉൾക്കൊള്ളിക്കും.
സികാരിയും ഗ്രാമത്തിലെ മുതിർന്ന ആളുകളും നിഘണ്ടു ഉണ്ടാക്കാൻ ആരംഭിച്ചു. കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ–
പ്രഭാത വന്ദനം സികാരി! നിങ്ങളെന്താണ് ചെയ്യുന്നത്?
ശ്..ശ്... എന്തൊ ഗൗരവമുള്ളതാണെന്നു തോന്നുന്നു. നമുക്കു കളിക്കാൻ പോകാം.
ഇല്ല, കുഴപ്പമില്ല. എല്ലാ വാക്കുകളും എഴുതിവെച്ചുകൊണ്ട് നമ്മുടെ കർബി ഭാഷയെ സംരക്ഷിക്കുകയാണ്. നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ അത് കൈമോശം വന്നുപോകും.




*കർബിയിൽ കുട്ടികൾ എന്ന് അർത്ഥം.

** ആസ്സാമിലെ ഗോത്ര ഭാഷ സംരക്ഷിക്കുന്നതിനായി ശ്രമിക്കുന്ന സംഘം.


പി. എം. മുരുകേശൻ
നമ്മുടെ സ്കൂൾ നമുക്കായി ഒരുക്കിയ ഏറ്റവും നല്ല സ്പെഷ്യൽ ക്ലാസ്സായിരുന്നു ഇത്.
'വേസ്റ്റിൽ നിന്നും ബെസ്റ്റ്' എന്ന ശിൽപ ശാല, വേസ്റ്റിൽ നിന്ന് ഒരുപാട് കാര്യങ്ങൾ സൃഷ്ടിക്കാമെന്ന് മുൻപ് എനിക്കറിയില്ലായിരുന്നു.
നായർ സാർ ക്ലാസ്സിലെത്തിയപ്പോൾ–
സർ, ഈ ചിരട്ടക്കപ്പിലേയ്ക്കു നോക്കൂ, ഞാൻ ചായമടിച്ചതാണ്.
ഈ പെൻ ഹോൾഡർ ഞാൻ പഴയ വളകൾകൊണ്ട് ഉണ്ടാക്കിയതാണ്.
ഇത് മനോഹരമായിരിക്കുന്നു! പെട്ടികളും വിളക്കുമൂടികളും അടക്കമുള്ള വസ്തുക്കളുണ്ടാക്കുന്ന മുരുകേശൻ എന്ന കലാകാരനെ എനിക്ക് ഓർമ്മവരുന്നു. അയാളുടെ കഥ ഞാൻ നിങ്ങളോടു പറയാം.
മധുരയിലെ മേലക്കൽ ഗ്രാമത്തിൽ നിന്നുള്ള മുരുകേശൻ എട്ടാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് കുടുംബത്തിന്റെ കൃഷിയിടത്തിൽ പണിചെയ്യാൻ പഠനം ഉപേക്ഷിക്കേണ്ടി വന്നത്.
ഊ.....ഉം..!
ഈ പയ്യന് കരുത്തില്ല. ഇവൻ നമുക്ക് കൂടുതൽ സഹായമായേക്കില്ല.
അവർ ദരിദ്രരായിരുന്നു. എല്ലാ കുടുംബാംഗങ്ങളും നിത്യവൃത്തിയ്ക്കായി പാടത്ത് പണിയെടുക്കേണ്ടത് ആവശ്യമായിരുന്നു.
മുതിർന്നിട്ടും മുരുകേശൻ നല്ലൊരു കൃഷിക്കാരനായില്ല. പക്ഷെ അയാൾ കൂർമ്മ ബുദ്ധിയുള്ളവനായിരുന്നു. കാർഷിക പ്രവർത്തനങ്ങൾ താൽപര്യത്തോടെ അവൻ നോക്കിയിരുന്നു. 2009 ൽ അയാളുടെ 41 വയസ്സായപ്പോൾ–
നമ്മൾ വാഴയുടെ എല്ലാ ഭാഗവും ഉപയോഗിക്കുന്നു, ഉൾത്തണ്ടടക്കം, പക്ഷെ തൊലിഭാഗം ഒഴിവാക്കുന്നു. എന്തുകൊണ്ട് അതുകൂടി ഉപയുക്തമാക്കിക്കൂടാ?
അതു ഉപയോഗപ്രദമായിരുന്നെങ്കിൽ ആരെങ്കിലും പണ്ടെ അതു ചെയ്തിരുന്നേനെ.
മുരുകേശൻ അതു ഉൾക്കൊള്ളാൻ തയ്യാറായില്ല.
പുറംതൊലിക്ക് നിരവധി പാളികളുണ്ട്.... അതിനെ വേർതിരിച്ചെങ്കിൽ.... ഉം....


ഒരു ദിവസം–
നീയെന്താണ് ചെയ്യുന്നത്?
ഇത് തേങ്ങാ ചകിരിയിൽ നിന്ന് കയറുണ്ടാക്കുന്ന സ്പിന്നിങ് മെഷീനാണ്. വാഴയിൽ നിന്ന് കയറുണ്ടാക്കാൻ ഇതിലൂടെ സാധിക്കുമൊ.
അത് പരാജയപ്പെട്ടു പക്ഷെ മുരുകേശൻ പുതിയ അന്വേഷണത്തിലായിരുന്നു. ഒരുപാട് പരിശ്രമത്തിനും പരാജയങ്ങൾക്കും ശേഷം–
ഞാനതു ചെയ്തു! ഈ യന്ത്രത്തിലൂടെ നമുക്ക് വാഴത്തൊലിയിൽ നിന്ന് കയറുണ്ടാക്കാം.
മുരുകേശൻ തേങ്ങാ ചകിരി യന്ത്രത്തിനെ വാഴത്തൊലിയ്ക്കുള്ള യന്ത്രമാക്കി മാറ്റി.
സൈക്കിൾ ചക്രവും മറ്റു സാമഗ്രികളും ഉപയോഗിച്ച് മുരുകേശൻ വാഴക്കയർ ഉണ്ടാക്കി.
വാഴയിൽ നിന്ന് കയർ! അത് പൊട്ടും. ഇതാര് വാങ്ങാനാണ്?
അവയെ ഒന്നിച്ച് കൂട്ടി യോജിപ്പിക്കാം? അപ്പോൾ കൂടുതൽ ബലവത്താകും.
ഭാര്യയും ഭർത്താവും ചേർന്ന് നാരുകൾ കൂട്ടി യോജിപ്പിച്ച് വാഴത്തൊലിയിൽ നിന്നുള്ള കയർ ഉത്പാദിപ്പിച്ചു തുടങ്ങി.
പക്ഷെ, അത് മാർക്കറ്റിലുള്ള മറ്റു കയറുകൾപോലെ ബലമുള്ളവയായിരുന്നില്ല, അതുകൊണ്ട് ആരും വാങ്ങിച്ചില്ല. അതോടെ മുരുകേശന്റെ പ്രയത്നം വെറുതെയായി. പക്ഷെ–
ഞാനിത് വിട്ടുകളയുന്നു. ഇതിൽ നിന്ന് മറ്റെന്തെങ്കിലും ഉണ്ടാക്കാൻ നോക്കാം.
സഞ്ചികൾ, കുട്ട, ചവിട്ടുപായ..... മറ്റൊരുപാട് സാധനങ്ങൾ ഈ കയറിൽ നിന്ന് ഉണ്ടാക്കാൻ സാധിക്കുമെന്ന് ദമ്പതികൾ കണ്ടെത്തി.



വൈകാതെ, എം. എസ്. റോപ്പ് പ്രൊഡക്ഷൻ എന്ന പേരിൽ മുരുകേശൻ ഒരു കമ്പനി തുടങ്ങി. രണ്ടുപേരങ്ങുന്ന ഈ കമ്പനി യൂണിറ്റ് പത്തെണ്ണമായി. പക്ഷെ കയറുണ്ടാക്കുന്ന പ്രവർത്തനം സമയച്ചിലവുള്ളതായിരുന്നു.
നമ്മൾ എല്ലാ ദിവസവും ജോലിചെയ്യുന്നു പക്ഷെ ഉത്പാദനം വളരെ കുറവ്. ഈ യന്ത്രം കൈകൊണ്ട് ഉപയോഗിക്കുന്നതിനു പകരം എന്തുകൊണ്ട് ഒരു മോട്ടോറിൽ ഘടിപ്പിച്ചുകൂടാ?
അത് വിജയകരമായിരുന്നു. പ്രവർത്തനങ്ങൾ ദ്രുതഗതിയിലായി, മുരുകേശൻ തന്റെ ആശയത്തിന്റെ പേറ്റന്റ് നേടി. 2016 ൽ 6 കയർ റോളുകൾ ഉണ്ടാക്കാൻ ശേഷിയുള്ള പുതിയൊരു യന്ത്രം നിർമ്മിച്ചു.
ഇപ്പോൾ നമ്മൾ 25,000 മീറ്റർ കയറുണ്ടാക്കുന്നു! പണ്ട് നമുക്ക് 2,500 മീറ്ററെ ഉണ്ടാക്കാൻ കഴിഞ്ഞിരുന്നുള്ളു.
നമ്മൾ ഒരു പാട് വനിതകൾക്ക് തൊഴിൽ കൊടുത്തു. അത് നമ്മളെ ആനന്ദിപ്പിക്കുന്നു.
വൈകാതെ, 350 ൽ അധികം വനിതകൾക്ക് തൊഴിൽ കൊടുത്തു.
അടുത്ത വർഷംതന്നെ, കയറുണ്ടാക്കുകയും പിരിക്കുകയും ചെയ്യുന്ന ഒരു ആട്ടോമാറ്റിക് മെഷീൻ മുരുകേശൻ നിർമ്മിച്ചു. ഉത്പാദനം വർദ്ധിപ്പിക്കുകയും വൈകാതെ കയറ്റുമതി ചെയ്യുകയും ചെയ്തു.
എന്റെ ഉൽപ്പന്നത്തിന് എന്തുവിലവേണമെന്ന് എന്നോട് ക്ലയന്റ് ഇങ്ങോട്ടു ചോദിക്കുന്നു! ആരും കർഷകരോടു ചോദിക്കുന്നില്ല. അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കണം.
മുരുകേശന്റെ ഉൽപ്പന്നങ്ങൾ പ്ലാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്നതും പരിസ്ഥിതി സൗഹൃദപരവുമായിരുന്നു. കാർഷിക – നവീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന – ദേശീയ അംഗീകാരങ്ങൾ മുരുകേശന് ലഭിച്ചു. ഇപ്പോൾ മുരുകേശൻ ആളുകളെ പരിശീലിപ്പിക്കുകയും യന്ത്രങ്ങളുണ്ടാക്കി സർക്കാരിനു നൽകി വരികയും ചെയ്യുന്നു.
2021 ൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ മൻ കി ബാത്ത് പ്രഭാഷണത്തിൽ മുരുകേശനെ അഭിനന്ദിച്ചു. മാലിന്യത്തിൽ നിന്ന് വരുമാനമുണ്ടാക്കാൻ കർഷകർക്ക് വഴിയൊരുക്കിയെന്ന് അഭിപ്രായപ്പെട്ടു.



# മൻ കി ബാത്ത്

**വാല്യം – 3**

മൻ കി ബാത്തിന്റെ മൂന്നാം വാല്യം ചുറ്റുമുള്ളവരുടെ ജീവിത നിലവാരം ഉയർത്താനായി പരിശ്രമിച്ച വിവിധ മേഖലകളിലുള്ള മനുഷ്യരുടെ ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുന്നു.

കോവിഡ്-19 ശ്രീനഗറിലെ തടാകങ്ങൾക്കരികിലെ ജനങ്ങളെ രോഗാതുരരാക്കിയപ്പോൾ താരിഖ് പത്‌ലു അവർക്കായി ഒരു ബോട്ട് ആംബുലൻസ് തന്നെ നിർമ്മിച്ചു.

മൊൻ ഷുഗു എന്ന, 1,000 വർഷം പഴക്കമുള്ള, അസ്തമിച്ചുകൊണ്ടിരിക്കുന്ന ആദിവാസി ഗോത്ര കലയാണ് കടലാസ് നിർമ്മാണം. ഇതിനെ പുനരുജ്ജീവിപ്പിക്കാൻ നേതൃത്വം നൽകി, ഡസൻ കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ കൊടുത്തത് മാലിങ് ഗോംബു എന്ന അരുണാചൽകാരനാണ്.

സമുദ്ര നിരപ്പിൽ നിന്ന് 14,000 അടി മുകളിൽ തണ്ണിമത്തൻ വളർത്താമെന്ന് നിങ്ങൾക്ക് കേട്ടുകേൾവിയുണ്ടോ? ഉർഗെയ്ൻ ഫണ്ട്സോഗ് എന്ന പുത്തൻ കർഷകൻ അത് യാഥാർത്ഥ്യമാക്കി.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജനകീയ റേഡിയൊ പ്രോഗ്രാമിൽ നിന്നെടുത്ത ഈ കഥകൾ സാധാരണക്കാർ ചെയ്ത അസാധാരണ പ്രവൃത്തികളെക്കുറിച്ചുള്ളതാണ്.



₹90

www.amarchitrakatha.com
ISBN 978-81-19242-96-2
9 788119 242962